**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1641** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണത്തിനായി ഭൂമി തരംമാറ്റത്തിനുള്ള ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഡേറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി തരംമാറ്റുന്നതിന് കൃഷി വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കൃഷി ഭൂമി തരം മാറ്റത്തിനായി ആർ.ഡി.ഒ-യിൽ നിന്നും ലഭിക്കുന്ന ഫാറം 5-ലുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി കൃഷി ഓഫീസർ സ്ഥലം സന്ദർശിച്ച് (കൃത്യമായി വസ്തുവിന്റെ ലൊക്കേഷൻ അറിയുന്നതിനായി വില്ലേജ് ഓഫീസറുടെ സഹായത്തോടെ) പ്രസ്തുത വസ്തുവിന്റെ ഫോട്ടോ, അക്ഷാംശം, രേഖാംശം, എന്നിവ എടുക്കുകയും തുടർന്ന് റിപ്പോർട്ട് തയ്യാറാക്കി ഫോട്ടോ സഹിതം ഒരു മാസത്തിനകം RELIS പോർട്ടലിൽ അപ്ലോഡ് ചെയ്ത് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.<br><br>കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം, റവന്യൂ ഡിവിഷണൽ ഓഫീസർ, ഉചിതമാണെന്ന് കാണുന്ന പക്ഷം അപേക്ഷയിന്മേൽ തരം മാറ്റാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജിലെ തരം മാറ്റപ്പെട്ട സർവ്വേ നമ്പറുകൾ പട്ടികയാക്കി, ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യുന്നതിനായി കൃഷി ഓഫീസർ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുന്നു. പഞ്ചായത്ത് സെക്രട്ടറി ഈ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതും ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടുകൂടി ടി സർവ്വേ നമ്പറുകൾ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്. |
| (ബി) | സ്വന്തമായി അഞ്ച് സെന്റോ അതിൽ താഴെയോ മാത്രം ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി തരംമാറ്റുന്നതിൽ ഇളവുകൾ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ വീട് വയ്ക്കുന്നതിന് നിബന്ധനകളോടെ തരംമാറ്റുന്നതിനായി പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിൽ വീട് വയ്ക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ 10 സെന്റ് വരെയും കോർപറേഷൻ/മുനിസിപ്പാലിറ്റികളിൽ 5 സെന്റ് വരെയും നെൽവയൽ നികത്താൻ അപേക്ഷ |

| | | | |
|---|---|---|---|
| | | | നൽകാവുന്നതാണ്. ഇതിനായി ഓരോ ജില്ലയിലും റവന്യൂ ഡിവിഷണൽ ആഫീസർ, പ്രിൻസിപ്പൽ കൃഷി ആഫീസർ, കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് നെൽകർഷകർ എന്നിവർ അടങ്ങിയ ജില്ലാതല അധികൃത സമിതിയാണ് അപേക്ഷകൾ പരിഗണിക്കുന്നത്. കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം നൽകുന്നത്. പ്രാദേശികതല നിരീക്ഷണ സമിതി അപേക്ഷകൾ പരിശോധിച്ച് അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്ന് കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ല എന്നും, നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിന് പറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ല എന്നും, കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും, പ്രസ്തുത നെൽവയൽ മറ്റ് നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ല എന്നും ശുപാർശ ചെയ്താലല്ലാതെ അപ്രകാരമുള്ള യാതൊരു അപേക്ഷയും ജില്ലാതല അധികൃത സമിതി പരിഗണിക്കുന്നതല്ല.<br><br>ജില്ലാതല അധികൃത സമിതി പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ പരിഗണിച്ച് ഒരു മാസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. ജില്ലാതല അധികൃത സമിതിയുടെ തീരുമാനംമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പത് ദിവസത്തിനകം കളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ ലഭിച്ച് ഒരു മാസത്തിനകം കളക്ടർ അതിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടതും കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. |
| (സി) | മണലൂർ മണ്ഡലത്തിൽ ഗുരുവായൂർ നഗരസഭയിലെ 9-ാം വാർഡിൽ താമസിക്കുന്ന ശശി, ആശ ദമ്പതികൾക്ക് വീട് പണിയുന്നതിന് ഭൂമി തരം മാറ്റി കിട്ടുന്നതിനുള്ള അപേക്ഷ തൈക്കാട് കൃഷി ഓഫീസർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ; | (സി) | മണലൂർ മണ്ഡലത്തിൽ ഗുരുവായൂർ നഗരസഭയിലെ ഒമ്പതാം വാർഡിൽ താമസിക്കുന്ന ശശി, ആശ എന്നിവരുടെ ഭൂമി തരം മാറ്റി കിട്ടുന്നതിനുള്ള അപേക്ഷ തൈക്കാട് കൃഷി ഓഫീസർക്ക് ലഭിക്കുകയും ആയതിൽ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ആർ.ഡി.ഒ-യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ ഭൂമി മൺ റോഡിൽ നിന്നും അര മീറ്റർ താഴ്ന്നതും മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകാറുള്ളതുമായ സ്ഥലമായതിനാലും 2008-ലെ സ്ഥിതി പരിശോധിച്ചതിൽ നികന്നിട്ടില്ലാത്ത പാടമാണ് എന്നതിനാലും 08/02/2023 തിയ്യതിയിൽ ചേർന്ന പ്രാദേശികതല നിരീക്ഷണ സമിതി യോഗം ടി |

| | | | |
|---|---|---|---|
| | | | ഭൂമി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ RELIS മുഖേന തൈക്കാട് കൃഷി ഓഫിസർ തൃശ്ശൂർ ആർ.ഡി.ഒ-ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. |
| (ഡി) | 75% ഭിന്ന ശേഷിയുള്ള മകനടക്കം വാടകയ്ക്ക് താമസിക്കുന്ന പ്രസ്തുത കുടുംബം 2022-ൽ നൽകിയ അപേക്ഷ പരിഗണിച്ച് ഭൂമി തരംമാറ്റം അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ നെൽവയൽ ആയി ഉൾപ്പെട്ട ഭൂമികൾ തരംമാറ്റുന്നതിനുള്ള അപേക്ഷകൾ നിലവിൽ RELIS മുഖേന ആർ.ഡി.ഒ മാർ സ്വീകരിക്കുകയും അപേക്ഷ ഭൂമി 2008-നു മുമ്പ് പൂർണമായി നികന്നതാണെന്ന് ബോധ്യപ്പെട്ടതായി കൃഷി ഓഫിസർ സാക്ഷ്യപ്പെടുത്തി ശുപാർശ ചെയ്താലാണ് ആർ.ഡി.ഒ പ്രസ്തുത അപേക്ഷ പരിശോധിച്ച് അപേക്ഷ ഭൂമി ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിന് ഉത്തരവിടുന്നത്. സ്ഥല പരിശോധനയിൽ അപേക്ഷകരുടെ ഭൂമി 2008-ൽ പൂർണ്ണമായും നികന്നിട്ടില്ലാത്ത പാടമായതിനാലും മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകാറുള്ളതിനാലും 08/02/2023 തിയ്യതിയിൽ ചേർന്ന പ്രാദേശികതല നിരീക്ഷണ സമിതി യോഗത്തിൽ ടി ഭൂമി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്ന് തീരുമാനം കൈകൊണ്ടതിനാലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം ഭൂമി തരം മാറ്റാനുള്ള അപേക്ഷ ആർ.ഡി.ഒ നിരസിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ